## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2292 08.05.2017 - ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ് :** | **ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു - വെന്ന് അറിയിക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും, മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ |

ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിനു സഹായകരമാകുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | വകുപ്പിലെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ ? | (ബി) | വകുപ്പിലെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിലേയ്ക്കും ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സെക്രട്ടറിയേറ്റിൽ ഉള്ളതുപോലെ ഇ-ഫയലിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ നടന്നു വരുന്നു. പ്രൈസ് സോഫ്റ്റ്വെയർ വികസിപ്പിക്കുന്ന നടപടി പുരോഗതിയിലാണ്. |

**സെക്ഷൻ ഓഫീസർ**